ഇ.ഡി.(ഡി) -45/2020/(2) ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 23/03/2020

## പരിപത്രം II

വിഷയം:- ആ.വ.ഡ.-കോവിഡ് 19 -രോഗബാധയെ തുടർന്ന് ആരോഗ്യവകുപ്പിലെ ആശുപത്രി ജീവനക്കാരുടെ (നേഴ്സസ്/ഓക്സ് ലറി സ്റ്റാഫ്) ഡ്യൂട്ടി -സംബന്ധിച്ച്-

സൂചന:-

1. Revised guidelines Covid 19 based on current risk assessment from Corona Virus Outbreak Controle and Prevention State Cell, H&FWD, dated: 12/03/2020.
2. സ.ഉ.(സാധാ) നം. 1247/2020/പൊ.ഭ.വ., തീയതി 20/03/2020.

1. ഐസലോഷൻ യൂണിറ്റ്/വാർഡിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പേര് വിവരങ്ങൾ പ്രത്യേകം തയ്യാറാക്കി അവരെ പരമാവധി രണ്ടാഴ്ചക്കാലം മാത്രം അതേ യൂണിറ്റിൽ തന്നെ ഡ്യൂട്ടി ഷിഫ്റ്റ് അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതാണ്. പ്രസ്തുത ജീവനക്കാരെ ഈ കാലഘട്ടത്തിൽ മറ്റ് ഡ്യൂട്ടിക്കായ് നിയോഗിക്കാൻ പാടുള്ളതല്ല. രണ്ടാഴ്ചയ്ക്ക് ശേഷം ടി ജീവനക്കാർ ഓഫ് ഡ്യൂട്ടി ആയിരിക്കേണ്ടതും, പുതിയ ടീമിനെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ടതുമാണ്.
2. സൂചന (1) പ്രകാരം കോൺടാക്ട് ആയ ജീവനക്കാർക്ക് സൂചന (2) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലീവ് അനുവദിക്കാവുന്നതാണ്.
3. മേൽ ജീവനക്കാർക്ക് ആവശ്യമായ PPE സജ്ജമാക്കിയിട്ടുണ്ടെന്നും, പരിശീലനം ലഭിച്ചിട്ടുണ്ടെന്നും, യഥാവിധം ഉപയോഗിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ചാർജ്ജുള്ള മേലുദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.
4. മേൽ ജീവനക്കാർ പൊതു സ്ഥലങ്ങളിലേയ്ക്കുള്ള യാത്രയും, സന്ദർശനവും പൊതു വാഹനങ്ങളുടെ ഉപയോഗവും പരമാവധി കുറയ്ക്കേണ്ടതാണ്.
5. പ്രസ്തുത ജീവനക്കാർക്ക് ഏതെങ്കിലും തലത്തിലുള്ള അസ്വാസ്ഥ്യം അനുഭവപ്പെട്ടാൽ ഉടനടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

23/03/2020

ഡോ. സരിത ആർ. എൽ.
**ആരോഗ്യവകുപ്പ് ഡയറക്ടർ**

പകർപ്പ്:-

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
2. സി.എ. ടു ഡി.എച്ച്.എസ്.
3. എല്ലാ അഡീഷണൽ ഡയറക്ടർമാർ
4. കൺട്രോൾ റൂം.
5. ഫയൽ/കരുതൽ ഫയൽ

ജിആർആർ-23/03